# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 29, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 291)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 3196 മുതൽ 3280 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 3281 മുതൽ 3313 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 3314 മുതൽ 3396 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | 3397 മുതൽ 3486 വരെ |

### വിഷൻ 2030

3196 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2030 പദ്ധതിയുടെ വികസനരേഖ ആരാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) വികസനരേഖ പ്രസിദ്ധീകരിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ചർച്ചയ്ക്ക് വഴിയൊരുക്കുവാനുമുള്ള നടപടികൾ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച അന്തിമരൂപം എന്നത്തേയ്ക്ക് തയ്യാറാക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മലയോര വികസന അതോറിറ്റി</u>

3197

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങൾ മലയോര അതോറിറ്റി അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തും പഞ്ചവത്സര പദ്ധതിയും

3198 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(സി) പഞ്ചവത്സരപദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥ മേധാവിത്വം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാരണങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിലേയ്ക്കുള്ള കുടിയേറ്റം

3199 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, കെ.എം. ഷാജി
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യങ്ങളുടെയും തൊഴിൽ സൗകര്യങ്ങളുടെയും കാര്യത്തിൽ നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ നിലനിൽക്കുന്ന അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിലേയ്ക്കുള്ള കുടിയേറ്റം ആശങ്കയുണർത്തും വിധം വർദ്ധിച്ചിട്ടുണ്ടെന്ന സെൻസസ് റിപ്പോർട്ടുകളും അതുമൂലം ഗ്രാമജീവിതത്തിന്റെ സാമൂഹ്യസാമ്പത്തിക മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന താളപ്പിഴകളും ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഗ്രാമീണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതികപ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് പരിഹാരനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

2013 -14 സാമ്പത്തികവർഷത്തിലെ പദ്ധതിച്ചെലവ്

T.3200 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 -14 സാമ്പത്തികവർഷത്തിൽ ഇതുവരെ പദ്ധതിയിനത്തിൽ വിവിധ മന്ത്രാലയങ്ങൾ വിവിധ വകുപ്പുകളിലായി ചെലവഴിച്ചതിന്റെ തുക, ശതമാനം എന്നിവ വെവ്വേറെ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>12-ാം പഞ്ചവത്സര പദ്ധതി</u>

3201 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിക്ക് എത്ര കോടി രൂപയാണ് അടങ്കൽ തുകയായി അംഗീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) 11-ാം പഞ്ചവത്സര പദ്ധതിയെക്കാൾ എത്ര ശതമാനം വർദ്ധനവാണ് 12-ാം പഞ്ചവത്സര പദ്ധതിയിൽ വരുത്തിയത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) 12-ാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ സർക്കാർ വരുത്തിയതെന്ന് വിശദമാക്കുമോ ;

(ഡി) പരിഷ്കാരങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി - ജോലിസമയം</u>

3202 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിസമയം പുനർനിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പുനർ നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജോലി സമയത്തിൽ വരുന്ന കുറവ് എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കൂലിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യുന്നതിന് പ്രോജക്ട്

3203 ശ്രീ. പി. കെ. ഗുരുദാസൻ
'' റ്റി. വി. രാജേഷ്
'' കെ. വി. വിജയദാസ്
'' കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ നടത്തിപ്പിന്റെ ആസൂത്രണം ഭൗതീക-സാമ്പത്തിക നിർവ്വഹണം, സാമ്പത്തിക പരിപാലനം, ജോലി തെരഞ്ഞെടുക്കൽ, നിക്ഷേപ പ്രയോജനം തുടങ്ങിയ കാര്യങ്ങൾ വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ആകെ ചെലവിൽ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; പദ്ധതിയലൂടെ സ്ഥിരം ആസ്തികൾ സൃഷ്ടിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) മിനിമം 100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യാവുന്ന നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും പ്രോജക്ടുകൾ മുൻകൂട്ടി തയ്യാറാക്കുന്നുണ്ടോ; ബന്ധപ്പെട്ട രേഖകൾ എല്ലാം ശരിയായ നിലയിൽ പരിപാലിക്കുന്നുണ്ടോ; ഇത് നിർവ്വഹിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സങ്കട പരിഹാരത്തിനും സോഷ്യൽ ഓഡിറ്റിനും മുൻഗണന നല്കുന്നുണ്ടോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉത്സവബത്തയും പെൻഷൻ ഫണ്ടും

3204 ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 വർഷത്തിൽ 100 ദിവസം ജോലി ചെയ്ത തൊഴിലാളികൾക്ക് 1000 രൂപ ഉത്സവ ബത്ത നൽകിയോ എന്ന് വ്യക്തമാക്കാമോ;

(ബി) 1000 രൂപ അലവൻസ് പുതുതായി രൂപീകരിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കുമെന്ന പ്രഖ്യാപനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ഏത് അക്കൗണ്ടിലേക്കാണ് പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ ഫണ്ടിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വിഹിതം നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) നിർദ്ദിഷ്ട പെൻഷൻ പദ്ധതിയിൽ നിന്ന് എന്ന് മുതൽ പെൻഷൻ നൽകി തുടങ്ങുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമത</u>

3205 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാർഷിക വികസന മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിജയം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുമോ;

(സി) കൂടുതൽ മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്</u>

3206 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രം അനുവദിച്ച തുക

3207 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു; ബാലൻസ് തുക ഉണ്ടോ; എങ്കിൽ എത്ര; ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷത്തിൽ ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചു; എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പാലക്കാട്ടെ നെൽകൃഷി മേഖലയിലേക്ക് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്തപ്പെടുന്ന പ്രവൃത്തികൾ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽദിനങ്ങൾ</u>

3208 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്രവീതം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര ദിവസംവീതം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തദ്ദേശഭരണസ്ഥാപനത്തിലും 2012-13 വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ വൈക്കത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം 100 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

100 തൊഴിൽ ദിനങ്ങൾ തികക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

3209 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 തൊഴിൽ ദിനങ്ങൾ തികക്കുന്ന തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; ഇത് പുരുഷ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) തരിശുകിടക്കുന്ന പാടങ്ങളിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം നെൽകൃഷി നടത്തുന്നതിനുള്ള സമഗ്രപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന വിവിധ ഉദ്യോഗസ്ഥരുടെ വേതനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

**മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ**

3210 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ജീവനക്കാരുടെ ശമ്പളച്ചെലവുൾപ്പെടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2012-13 വർഷം ഭരണപരമായ ആവശ്യത്തിനായി നിശ്ചിത വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണപരമായ നടത്തിപ്പിന് നിയമാനുസൃതം ആവശ്യമുള്ള ജീവനക്കാരില്ലായെന്ന് സി.എ.ജി.യുടെ പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പോരായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ ദിനങ്ങളും വേതനവും**

3211 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു; ഓരോ ജില്ല യിലും നൽകിയ തൊഴിൽ ദിനങ്ങൾ വ്യക്തമാക്കുമോ;

(ബി) 2012-13-ൽ തൊഴിൽ ലഭിച്ചവർക്ക് വേതനം ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലേയും കുടിശ്ശിക വ്യക്തമാക്കുമോ;

(സി) 2013-14-ൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിൽ എത്ര തൊഴിൽ ദിനങ്ങൾ ഇതുവരെ നൽകിയിട്ടുണ്ട്; ഓരോ ജില്ലയിലും നൽകിയ തൊഴിൽ ദിനങ്ങൾ വിശദമാക്കുമോ;

(ഡി) 2013-14-ൽ തൊഴിൽ ലഭിച്ചവർക്കുള്ള വേതനത്തിൽ എത്ര രൂപ ഇനി വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലേയും കുടിശ്ശിക വ്യക്തമാക്കുമോ;

(ഇ) ഉല്പാദനവുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ നടപ്പാക്കുമെന്ന 2013-ലെ നയപ്രഖ്യാപന പ്രകാരം ഏതെല്ലാം പുതിയ പദ്ധതികളാണ് ഈ വർഷം ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി കൂടുതൽ മേഖലകളിലേക്ക്</u>

3212 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി - വേതന കുടിശ്ശിക</u>

3213

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേതന ഇനത്തിൽ ഓരോ പഞ്ചായത്തിലും എത്ര തുക വീതം നൽകാനുണ്ട്?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

3214 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ എത്ര രൂപ ചെലവഴിച്ചു എന്ന് ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2013-14 വർഷത്തിൽ ഇതുവരെ എത്രരൂപ ചെലവഴിച്ചു എന്നും എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു എന്നു ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ;

(സി) 100 പ്രവർത്തി ദിവസങ്ങൾ പൂർത്തീകരിച്ച എത്ര കുടുംബങ്ങളുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എതെല്ലാം തൊഴിലുകളെയാണ് ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്നും എതെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) നൽകാൻ തൊഴിലില്ലാത്തതു കാരണം പല പഞ്ചായത്തുകളിലും പദ്ധതി നടത്തിപ്പ് മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗം</u>

3215

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗം സംബന്ധിച്ച് സോഷ്യൽ ആഡിറ്റിംഗ് സെൽ എന്തു തുകയുടെ സാമ്പത്തിക ദുർവിനിയോഗം കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) നിലവിൽ സോഷ്യൽ ആഡിറ്റിംഗ് സെല്ലിന്റെ പ്രവർത്തനം നിലച്ചതിനാൽ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ദുർവിനിയോഗം വ്യാപകമായ വിവരം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ എണ്ണം</u>

3216 ശ്രീ. പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 ൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ സംസ്ഥാനത്താകെ എത്ര തൊഴിലാളികൾ ഏർപ്പെട്ടിട്ടുണ്ട്?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>ദാരിദ്ര്യനിർമ്മാർജ്ജനപരിപാടി</u>

3217 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശികതലത്തിലുള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനായി പ്രാദേശിക ഉത്പാദനവും, വരുമാനവും, തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്;

(സി) ഉത്പാദനമേഖലയുടെ പുരോഗതിക്കായി ആസൂത്രണത്തിൽ മുൻഗണന നൽകിയിട്ടുള്ളത് ഏതെല്ലാം പദ്ധതികൾക്കാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ</u>

3218 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിരവധി തവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ ഫെയ്സ്-VIII പ്രവൃത്തികൾ

3219 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ ഫെയ്സ്-VIII ൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത് ;

(ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്, കാറഡുക്ക, കാസർഗോഡ് ബ്ലോക്കുകളിലെ ഏതൊക്കെ റോഡുകൾക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ടെണ്ടർ കഴിഞ്ഞവയുടെ പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാരന് അനുമതി നൽകിയിരുന്നോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഏറനാട് മണ്ഡലത്തിലെ പി.എം..ജി..എസ്..വൈ. പദ്ധതികള്‍</u>

3220 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2012-13, 2013-14 വര്‍ഷങ്ങളില്‍ ഏറനാട് മണ്ഡലത്തില്‍ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

കൊല്ലം ജില്ലയുടെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

3221

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം കൊല്ലം ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് 2013–2014 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പ്രകാരം നിർമ്മിക്കുന്ന റോഡുകൾ</u>

3222 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന റോഡുകൾ ഏതെല്ലാം എന്നും ഓരോ റോഡിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) പി.എം.ജി.എസ്.വൈ യിൽ പുതുതായി പരിഗണനയിൽ ഉള്ള റോഡുകൾ ഏതെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ പ്രധാന്‍മന്ത്രിഗ്രാമീണ സഡക് യോജന</u>

3223 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രധാന്‍മന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം 2013-14-ല്‍ കണ്ണൂര്‍ജില്ലയില്‍ എത്ര റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്കാണ് അംഗീകാരം ലഭിച്ചത് ; ഏതെല്ലാം പ്രവൃത്തികള്‍ക്കാണ് അംഗീകാരം ലഭിച്ചത് ; ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുക എത്രയാണ് ;

(ബി) 2012-13-ല്‍ അംഗീകാരം ലഭിച്ച പ്രവൃത്തികള്‍ ഏതെല്ലാമെന്നും അവ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) വിവിധ ഘട്ടങ്ങളിലായി അംഗീകാരം ലഭിച്ചതും ഭരണാനുമതി ലഭിച്ചതുമായ ഏതെങ്കിലും റോഡിന്റെ നിര്‍മ്മാണ പ്രവൃത്തികള്‍ ഇനിയും ആരംഭിക്കുവാന്‍ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കില്‍ കാരണം വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ റോഡുകൾ</u>

3224 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സംസ്ഥാനം 2012-13 വർഷത്തിൽ എത്ര കിലോമീറ്റർ ദൂരം വരുന്ന റോഡുകളുടെ പ്രൊപ്പോസൽ ആണ് കേന്ദ്രത്തിന് സമർപ്പിച്ചത്;

(ബി) നാളിതുവരെ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര കിലോമീറ്റർ ദൂരം വരുന്ന റോഡുകൾ അനുവദിച്ചുകിട്ടിയിട്ടുണ്ട്;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ ചെലവഴിച്ചു;

(ഡി) 2012-13-ലെ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഭൗതിക ലക്ഷ്യം കൈവരിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പാലക്കാട് ജില്ലയിൽ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പണി തുടങ്ങാത്ത പി.എം.ജി.എസ്.വൈ റോഡുകൾ ഏതെല്ലാം;

(എഫ്) പി.എം.ജി.എസ്.വൈ പദ്ധതിയുടെ 8-ാം ഘട്ടത്തിൽ അംഗീകരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട റോഡുകൾക്ക് എംപവേഡ് കമ്മിറ്റി അംഗീകാരം നൽകിയോ; അതിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ റോഡുകൾ</u>

3225 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പ്രകാരം 2012–13–ൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചത്; എത്ര റോഡുകൾ ഇതിൽപ്പെടും; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര രൂപയുടെ ധനസഹായം ലഭിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു; എത്ര റോഡുകൾ ഇതിൽ ഉൾപ്പെടും; ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കുന്നതിനുമുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) 2013–14ൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുളളത്; ഇതിൽ എത്ര റോഡുകൾ ഉൾപ്പെടും; ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ഇ) ഇതിനായി എത്ര രൂപയുടെ ധനസഹായം ലഭിച്ചു; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു; എത്ര റോഡുകൾ ഇതിൽ ഉൾപ്പെടും; ജില്ലതിരിച്ച് വിശദമാക്കുമോ;

(എഫ്) 2012–13 ലും 2013–14 ലും പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത റോഡുകൾ ഏതെല്ലാമാണെന്ന് നിയമസഭാമണ്ഡലം അടിസ്ഥാനമാക്കി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വാമനപുരം, നെടുമങ്ങാട് ബ്ലോക്കുകളിലെ</u>
<u>പി.എം.ജി.എസ്.വൈ റോഡുകൾ</u>

3226 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം പി.എം.ജി.എസ്.വൈ.യിൽപ്പെടുത്തി വാമനപുരം, നെടുമങ്ങാട് എന്നീ ബ്ലോക്കുകളിൽപ്പെട്ട ഏതെല്ലാം റോഡുകൾ നവീകരിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. യിൽപ്പെടുത്തി അനുമതി ലഭ്യമായെങ്കിലും പണിയാരംഭിക്കാത്തതും പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതുമായ എത്ര റോഡുകളാണ് പ്രസ്തുത ബ്ലോക്കുകളിലുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇതുവരെ പണിയാരംഭിക്കാത്ത റോഡുകളുടെയും ഉപേക്ഷിക്കപ്പെട്ട റോഡുകളുടെയും പണി വീണ്ടും ഏറ്റെടുപ്പിക്കുന്നതിനും, അധികമായി വരുന്ന തുക നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) അധികം തുക ആവശ്യമായിവരുന്നതും, വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതുമായ റോഡുപണികൾ ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, അവയുടെ പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ഹിൽ ഏരിയാ ഡവലപ്മെന്റ് ഏജൻസിയുടെ പ്രവൃത്തികൾ</u>

3227

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡവലപ്മെന്റ് ഏജൻസി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും എപ്പോഴാണ് ആരംഭിച്ചതെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

3228 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊല്ലം ജില്ലയിലും കരുനാഗപ്പള്ളി മണ്ഡലത്തിലും ഗ്രാമവികസന വകുപ്പുകേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഏതെല്ലാം മരാമത്ത് പണികൾക്ക് എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>ഗ്രാമവികസനവകുപ്പു പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

3229 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പുവഴി പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഗ്രാമവികസനവകുപ്പിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക</u>

3230 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷം ഗ്രാമവികസനവകുപ്പിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെയും ഇതുവരെ അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പ് വഴി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2013-ൽ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതികളുടെ നടത്തിപ്പിലും തുക വിനിയോഗിക്കുന്നതിലും കുറവുവരുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ - കുടിശ്ശികക്കാർ</u>

3231 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ എടുത്ത് വായ്പാതുക പൂർണ്ണമായി തിരിച്ചടയ്ക്കാത്തവരെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഭിന്നശേഷിയുള്ള എത്ര വായ്പാ കുടിശ്ശികക്കാർ ഉൾപ്പെടുന്നു; വിശദമാക്കാമോ;

(സി) പ്രസ്തുത വായ്പ എടുത്തവർക്ക് പലിശ കണക്കാക്കിയിരിക്കുന്നത് ഉയർന്ന നിരക്കിലാണെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) കാലാവധി കഴിഞ്ഞ ഇത്തരം വായ്പകൾ എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ - വ്യത്യസ്ത പലിശ നിരക്കുകൾ

T.3232 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പക്ക് വിവിധ ബാങ്കുകൾ വ്യത്യസ്തമായ പലിശനിരക്കുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലിശനിരക്കുകൾ ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കാമോ;

(സി) വിദ്യാഭ്യാസ വായ്പയെടുത്ത കുട്ടി അപകടത്തിലോ മറ്റോ മരിച്ചാൽ വായ്പ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ എഴുതിതള്ളാൻ നടപടി

T.3233 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതു കാലയളവിൽ വായ്പ എടുത്തവരുടെ പലിശയാണ് എഴുതിതള്ളാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേലുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കാലയളവിനുള്ളിൽ പലിശ തിരിച്ചടച്ചിട്ടുള്ളവരുടെ പലിശ തുക ലോൺ സംഖ്യയിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ പലിശ ഇളവ് ചെയ്യൽ</u>

T.3234

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയും വായ്പയുടെ പലിശയും ഇളവുചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരവും ഉത്തരവിന്റെ പകർപ്പും നൽകാമോ; ഏതു കാലയളവിൽ ഏതെല്ലാം ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്കാണ് മുതലിലോ പലിശയിലോ ഇളവ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ വിദ്യാഭ്യാസ വായ്പ എന്നു മുതൽക്കാണ് സർക്കാർ അറിവോടെ ബാങ്കുകളിൽ നിന്നും അനുവദിച്ചു തുടങ്ങിയത് എന്നു പറയാമോ; വിദ്യാഭ്യാസ വായ്പാ പലിശ ഇളവിൽ ഈ പറഞ്ഞ എല്ലാ കാലയളവിലും വായ്പ കരസ്ഥമാക്കിയവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു പറയാമോ; ഇല്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) 2004 ഏപ്രിൽ മാസത്തിനു മുമ്പ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയും ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ–തിരിച്ചടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

T.3235 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത്തരം വായ്പകൾ എഴുതിത്തള്ളാറുള്ളത്; വിശദാംശം നൽകാമോ;

(സി) വിദ്യാഭ്യാസ വായ്പ എടുത്ത പഠിതാവ് അകാലത്തിൽ മരണപ്പെട്ടാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് ഇളവു വരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം കേസുകളിൽ ഇളവു വരുത്തി വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം</u>

T.3236 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച വാർഷിക പദ്ധതി രേഖയിൽ എത്ര കോടി രൂപയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവച്ചതെന്ന് അറിയുമോ;

(ബി) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയതെന്ന് അറിയുമോ;

(സി) ആസൂത്രണ ബോർഡ് അംഗീകരിച്ച തുകയിൽ വെട്ടിക്കുറവു വരുത്തി, സംസ്ഥാന ബഡ്ജറ്റ് അംഗീകരിച്ചതിന്റെ ഫലമായി പട്ടികജാതി വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ട ജനസംഖ്യാനുപാതിക വിഹിതം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അപകടങ്ങൾ നേരിടേണ്ടി വരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ധനസഹായം</u>

3237 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സ്ഥലത്ത് വച്ച് അപകടങ്ങൾ നേരിടേണ്ടി വരുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; ഇത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ അടങ്കൽ തുക</u>

3238 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2011–12, 2012–13, 2013–14 സാമ്പത്തിക വർഷം അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര; ആയതിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ അടങ്കൽ തുക ഓരോ സാമ്പത്തിക വർഷവും എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആയതിൽ ഓരോ വർഷവും ഓരോ വിഭാഗത്തിനും ഉൾപ്പെടുത്തിയ തുക എത്ര; ചെലവാക്കിയ തുക എത്ര; വകമാറ്റി ചെലവാക്കിയ തുക എത്ര; ലാപ്സായ തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം (2013–14) പദ്ധതി അടങ്കലിൽ നിർദ്ദേശിക്കപ്പെട്ട തുകയിൽ ഓരോ വിഭാഗത്തിലും 2013 ഡിസംബർ 31 വരെ എത്ര തുക ചെലവാക്കി; ഇനി അവശേഷിക്കുന്ന മൂന്ന് മാസത്തേയ്ക്ക് എത്ര തുക ചെലവാക്കാനുണ്ട്; ഇവ സംബന്ധിച്ച് സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ഡി) 2014–15 സാമ്പത്തിക വർഷം എത്ര തുകയുടെ പദ്ധതി അടങ്കൽ അംഗീകരിച്ചുവെന്നും ഏതെല്ലാം വിഭാഗങ്ങൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയോയെന്നും വ്യക്തമാക്കുമോ;

(ഇ) 2014–15 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ മാലിന്യസംസ്കരണം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി തുടങ്ങിയവയ്ക്ക് എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നുകൂടി വ്യക്തമാക്കുമോ;

(എഫ്) 2013–14 വർഷത്തെ പദ്ധതി അടങ്കൽ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ നബാർഡ് സഹായ പദ്ധതികൾ

3239 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) നബാർഡ് സഹായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>ഐ.എ.വൈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക നൽകാൻ നടപടി</u>

3240 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12,2012-13,2013-14 എന്നീ കാലയളവിൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം സർക്കാർ വാഗ്ദാനം ചെയ്ത യഥാക്രമം രൂപ 75,000/-, 75,000/-, 50,000/- ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ തുക നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഐ. എ. വൈ. ഭവനപദ്ധതി</u>

3241 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എ. വൈ. ഭവനപദ്ധതിപ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കാനായിരുന്നു 2012-13-ലും 2013-14-ലും ലക്ഷ്യമിട്ടതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തുവെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഐ. എ. വൈ. പദ്ധതി നടപ്പാക്കാൻ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം വിവിധ വിഭാഗം ജനങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ; ഇതിൻമേൽ ഉയർന്നുവന്ന വിവാദം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ബി. പി. എൽ. ലിസ്റ്റിന്റെ പുതിയ മാനദണ്ഡങ്ങൾ</u>

3242

ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി. പി. എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) മാനദണ്ഡങ്ങൾ അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ആരെയെല്ലാമാണ് പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ ബി. പി. എൽ. പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി</u>

T.3243 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും ബി. പി. എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികളെ മുഴുവനും ബി. പി. എൽ. പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

**അനാഥശാലകളിലെ അന്തേവാസികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി**

3244 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. പട്ടികയിൽ അനാഥശാലകളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അനാഥശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

3245 ശ്രീ. എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഭേദഗതികളാണ് മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

എ. പി. എൽ. - ബി. പി. എൽ പട്ടികയിലെ ന്യൂനതകൾ

T.3246 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. - ബി. പി. എൽ പട്ടിക തയ്യാറാക്കിയ ന്യൂനതകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എ. പി. എൽ വിഭാഗത്തിൽപ്പെടുന്ന, പെൺമക്കൾ മാത്രമുള്ള വിധവകൾ /ഭർത്താവ് ഉപേക്ഷിച്ചുപോയവർ എന്നിവർക്ക് ബി. പി. എൽ. വിഭാഗത്തിലേക്ക് മാറ്റം നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ അവരുടെ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(ഇ) നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകളെ വിധവകളായി പരിഗണിക്കുമോ; എങ്കിൽ ബന്ധം വേർപെടുത്തി എത്ര വർഷത്തിനുശേഷമാണ് ഈ പരിഗണന ലഭിക്കുന്നത്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ ഇന്ദിര ആവാസ് യോജന പദ്ധതി</u>

3247 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ ഐ.എ.വൈ പദ്ധതി പ്രകാരം ആദ്യ രണ്ട് ഗഡുക്കൾ വാങ്ങി ഭവന നിർമ്മാണം ആരംഭിച്ച എത്ര ഗുണഭോക്താക്കൾ ഉണ്ട്;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് തുക നൽകാൻ നടപടി</u>

3248 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം ചില ഗുണഭോക്താക്കൾ നിർമ്മിച്ച വീടുകൾക്ക് തുക ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) തൃശൂർ ജില്ലയിൽ എത്ര പേർക്കാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക ഇനിയും ലഭിക്കേണ്ടത്;

(സി) ഇപ്പോഴുള്ള തടസ്സം നീക്കി എന്ന് തുക വിതരണം ചെയ്യാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി</u>

3249 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് ''മിൽമ'' പാൽ സംഭരിക്കുന്നുണ്ടോ; എങ്കിൽ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ''മിൽമ'' എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2012-13 വർഷത്തിൽ മിൽമ എത്ര ലിറ്റർ പാലും, മറ്റ് ഉല്പന്നങ്ങളും വിപണനം നടത്തി; അതുവഴി എത്ര രൂപയുടെ വിറ്റുവരവ് ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) 2012-13 വർഷത്തിൽ ക്ഷീര കർഷകരിൽ നിന്ന് എത്ര ലിറ്റർ പാൽ ''മിൽമ'' ശേഖരിച്ചു; കർഷകർക്ക് പാൽവിലയായി എത്ര രൂപ നൽകി;

(ഡി) സംസ്ഥാനത്തെ ഉപയോഗത്തിന് ആനുപാതികമായി പാൽ ഉൽപ്പാദനം ഉണ്ടോ; ഇല്ലെങ്കിൽ കുറവ് എങ്ങനെയാണ് ''മിൽമ'' നികത്തുന്നത്; വിശദാംശം ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗബാധയെത്തുടർന്നുള്ള പാലിന്റെ കുറവ്</u>

3250 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗബാധയെത്തുടർന്ന് വൈക്കം നിയോജക മണ്ഡല പരിധിയിലുള്ള ക്ഷീരസംഘങ്ങളിൽ ദിവസേന എത്ര ലിറ്റർ പാലിന്റെ കുറവുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗബാധിത പ്രദേശങ്ങളിൽ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കുളമ്പുരോഗം വർദ്ധിച്ചതിനെത്തുടർന്നുണ്ടായ പ്രതിസന്ധികൾ നേരിടാൻ ക്ഷീരസംഘങ്ങളെ ഏത് രീതിയിലാണ് സഹായിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ക്ഷീര കര്‍ഷകര്‍ക്കുള്ള നഷ്ടപരിഹാരം

3251 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുളമ്പുരോഗംമൂലം പാലില്‍നിന്നുള്ള വരുമാനം നഷ്ടപ്പെട്ട ക്ഷീരകര്‍ഷകര്‍ക്ക് നഷ്ടപരിഹാരം ലഭ്യമാക്കുമോ ; മൃഗങ്ങള്‍ക്ക് ആവശ്യമായ മരുന്നുകള്‍ ക്ഷീര സംഘങ്ങള്‍വഴി ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) സഹകരണസംഘങ്ങള്‍ വഴി പാല്‍ നല്‍കിയാല്‍ മാത്രമെ നഷ്ടപരിഹാരം ലഭ്യമാക്കൂയെന്ന നിബന്ധന നീക്കം ചെയ്യാന്‍
നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

**<u>മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിലെ സേവന വേതന വ്യവസ്ഥകൾ</u>**

3252 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ കീഴിലുള്ള ഭൂരിഭാഗം സൊസൈറ്റികളും സഹകരണ നിയമത്തിന്റെ 80-ാം വകുപ്പ് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ;

(സി) സഹകരണ നിയമത്തിന്റെ 80-ാം വകുപ്പ് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ അടങ്ങുന്ന ശമ്പളപരിഷ്കരണം മിൽമയുടെ കീഴിലുള്ള സൊസൈറ്റികളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ക്ഷീരമേള നടത്തുന്നതിനായി പണപ്പിരിവ്</u>

3253 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേള നടത്തുന്നതിനായി ക്ഷീരകർഷകരിൽനിന്നും ക്ഷീരസഹകരണസംഘങ്ങൾ പണപ്പിരിവ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണോ ഇത്തരം പണപ്പിരിവ് നടത്തുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി

T.3254 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ തുടങ്ങി മാരകരോഗമുള്ളവരെ വരുമാനപരിധി നോക്കാതെ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ഇപ്രകാരം എത്രപേർക്ക് ബി. പി. എൽ. കാർഡ് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II ന്റെ സീനിയോറിറ്റി ലിസ്റ്റ്

3255 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന, 2013 മാർച്ച് 31 വരെ നിയമനം നേടിയവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റു വകുപ്പുകളിൽ നിന്ന് ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിൽ നിന്ന് എത്ര പേർ വീതമെന്ന് വിശദമാക്കാമോ;

(ഡി) ഇങ്ങനെ പുനർവിന്യസിക്കപ്പെട്ടവരുടെ സീനിയോറിറ്റി എന്നു മുതലാണ് കണക്കാക്കുന്നത്; അവർ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതിയോ ഗ്രാമവികസന വകുപ്പിൽ പുനർവിന്യാസിക്കപ്പെട്ട തീയതിയോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മൾബറി കൃഷി</u>

3256 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾബറി കൃഷി വികസന പ്രോജക്ടിനായി 2011-12, 2012-13 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു;

(ബി) എന്തെല്ലാം പദ്ധതികളാണ് ഈ പ്രോജക്ടിൻ കീഴിൽ ഈ വർഷങ്ങളിൽ നടപ്പാക്കപ്പെട്ടതെന്നറിയിക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഈ ഇനത്തിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

വാഴക്കാട് ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. പണാപഹരണം നടത്തിയെന്ന പരാതി

3257 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഴക്കാട് ഗ്രാമപഞ്ചായത്ത് വി.ഇ.ഒ.യും ഇംപ്ലിമെന്റ് ഓഫീസറും ആയിരുന്ന ഷിബുസ്ക്കോ ഗ്രാമ പഞ്ചായത്തിലെ 2012-2013 വാർഷിക പദ്ധതിയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണം, പഞ്ചായത്ത് ഭവന നിർമ്മാണം എന്നിവയിലെ ഗുണഭോക്താക്കളെ കബളിപ്പിച്ച് 68 ലക്ഷം രൂപ പണാപഹരണം നടത്തിയെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇദ്ദേഹത്തിനെതിരെയുള്ള പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പണാപഹരണം നടത്തിയ വി.ഇ.ഒ.യിൽ നിന്നും പണം വീണ്ടെടുത്ത് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പൈതൃക മ്യൂസിയങ്ങൾ</u>

3258 ശ്രീ. കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ കൊട്ടാരവും കിളിമാനൂർ കൊട്ടാരവും രാജാരവിവർമ്മ സ്മാരകവും സംരക്ഷിക്കുന്നതിന് നടപടി

3259 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ആറ്റിങ്ങൽ കൊട്ടാരവും കിളിമാനൂർ കൊട്ടാരവും രാജാരവിവർമ്മ സ്മാരകവും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിന്മേൽ എന്തെല്ലാം നടപടിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി. സ്മാരക മന്ദിരം</u>

3260 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി. സ്മാരക മന്ദിരത്തിൽ പി. സ്മാരക മ്യൂസിയം, തെയ്യം ഗവേഷണ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനും ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിനും സാസ്ക്കാരിക വകുപ്പ് പി. സ്മാരക സമിതിക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് അനുവദിച്ചിരുന്നത് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഉറൂബിന്റെ സ്മാരകം നിർമ്മിക്കുന്നതിന്

3261 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുത്തുകാരനായ ഉറൂബിന്റെ നാമധേയത്തിൽ ഒരു സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) സ്മാരക നിർമ്മാണം അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കെ. രാഘവൻമാസ്റ്റർ സ്മാരക നിർമ്മാണം</u>

3262 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ചലച്ചിത്രഗാനശാഖക്ക് അതുല്യ സംഭാവനകൾ നൽകിയ ഗായകൻ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ അനുയോജ്യമായ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം കൈപ്പറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സ്മാരകനിർമ്മാണത്തിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്മാരക നിർമ്മാണപ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പരസ്യങ്ങൾക്ക് ചെലവഴിച്ച തുക</u>

3263 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് നൽകിയ പരസ്യങ്ങളുടെ എണ്ണം വിശദമാക്കാമോ;

(ബി) പരസ്യങ്ങൾ ഉൾപ്പെടെ പബ്ലിസിറ്റിക്കായി ഓരോ വർഷവും ചെലവായ തുക എത്രയാണ്; റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ മാധ്യമങ്ങൾക്ക് ഉൾപ്പെടെ കൊടുത്ത് തീർക്കാൻ അവശേഷിക്കുന്ന മൊത്തം തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ലിസിറ്റിക്കായി ചെലവായ തുക എത്രയായിരുന്നു; രണ്ടാം ഘട്ടത്തിൽ ചെലവായ തുക എത്രയാണ്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.01.2014–ലെ മറുപടിക്ക്**

<u>പരസ്യയിനത്തിൽ ചെലവാക്കിയ തുക</u>

T.3264 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011 മേയ് മുതൽ 2013 ഡിസംബർ വരെ വിവിധ മാധ്യമങ്ങൾക്കായി എന്തു തുക പരസ്യയിനത്തിൽ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പ്രാദേശിക പത്ര പ്രവര്‍ത്തകര്‍ക്ക് പെന്‍ഷനും ക്ഷേമനിധിയും</u>

3265 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാദേശിക പത്രപ്രവര്‍ത്തകര്‍ക്ക് കൂടി ബാധകമായ എന്തെല്ലാം ആനുകൂല്യങ്ങളാണ് പത്ര, ദൃശ്യമാധ്യമ പ്രവര്‍ത്തകര്‍ക്ക് ഇപ്പോള്‍ നല്‍കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രാദേശിക പത്ര പ്രവര്‍ത്തകര്‍ക്ക് നിലവില്‍ പെന്‍ഷന്‍ ക്ഷേമനിധി ആനുകൂല്യങ്ങള്‍ നല്‍കി വരുന്നുണ്ടോ;

(സി) ഇല്ലെങ്കില്‍ പ്രസ്തുത ആനുകൂല്യങ്ങള്‍ അവര്‍ക്ക് ഏര്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പത്രപ്രവര്‍ത്തകര്‍ക്ക് ക്ഷേമനിധി</u>

T.3266 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പ്രാദേശിക പത്രപ്രവര്‍ത്തകര്‍ക്ക് ക്ഷേമനിധിയും പെന്‍ഷനും ഏര്‍പ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കാനഡയിലേയ്ക്ക് അനധികൃത റിക്രൂട്ട്മെന്റ് നടത്തൽ</u>

3267 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും കാനഡയിലെ ക്യൂബക്ക് എന്ന പ്രദേശത്തേയ്ക്ക് പത്രപരസ്യങ്ങൾ നൽകി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫ്രഞ്ചുഭാഷാ പ്രാവീണ്യം നിർബ്ബന്ധമുള്ള പ്രസ്തുത രാജ്യത്തേയ്ക്ക് യാതൊരു മാനദണ്ഡവുമില്ലാതെ റിക്രൂട്ട് ചെയ്യുന്നതുമൂലം ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെടുന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തെറ്റായ വിവരങ്ങൾ നൽകി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇപ്രകാരം നഴ്സുമാർ, മറ്റ് വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരെ വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ റിക്രൂട്ട് ചെയ്യുന്നതിന് ഇതിനോടകം കാനഡ-ഭാരത സർക്കാരുകൾ തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുള്ളതായി അറിയാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഗൾഫ് തൊഴിലാളികൾക്കുള്ള പരിശീലന പരിപാടി

3268 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന മലയാളികളുടെ യഥാർത്ഥ കണക്ക് വ്യക്തമാക്കാമോ;

(ബി) ഗൾഫ് മലയാളികളുടെ ജോലി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(സി) ഗൾഫിലേയ്ക്കും മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും ജോലി തേടിപ്പോകാൻ ആഗ്രഹിക്കുന്ന അവിദഗ്ധരും വിദ്യാഭ്യാസം കുറവുള്ളവരുമായ മലയാളി യുവാക്കൾക്ക് പ്രയോജനപ്പെടുന്ന ഹ്രസ്വകാല സൗജന്യ പരിശീലനപരിപാടികൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>പ്രവാസികള്‍ക്ക് സ്വയംതൊഴില്‍ സംരംഭങ്ങള്‍ തുടങ്ങുന്നതിനുള്ള പ്രത്യേക പാക്കേജ്</u>

3269 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദേശത്ത് നിന്ന് തിരിച്ചെത്തുന്ന പ്രവാസികള്‍ക്ക് സ്വയംതൊഴില്‍ സംരംഭങ്ങള്‍ തുടങ്ങുന്നതിന് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ പ്രയോജനം എത്ര പേര്‍ക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി സംരക്ഷണത്തിന് പ്രത്യേക നയരൂപീകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**29.01.2014–ലെ മറുപടിക്ക്**

<u>പ്രവാസികളുടെ ക്ഷേമം</u>

3270 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിൽ പ്രഖ്യാപിച്ച നോർക്കയുടെ ജില്ലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>പ്രവാസി ക്ഷേമ പദ്ധതികള്‍</u>

3271 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴില്‍ നഷ്ടപ്പെട്ട് വിദേശങ്ങളില്‍ നിന്നും തിരികെയെത്തുന്നവര്‍ക്ക് സ്വയം തൊഴിലിന് പലിശ രഹിത വായ്പ ലഭിക്കുവാന്‍ സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രവാസി ക്ഷേമ പദ്ധതികള്‍ക്ക് അര്‍ഹതയുള്ള പ്രവാസികള്‍ ആരെല്ലാമാണെന്നു വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ എന്ത് തുകയാണ് പ്രവാസികള്‍ക്ക് നല്‍കിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് നല്‍കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>നോര്‍ക്ക ഡിപ്പാര്‍ട്ട്മെന്റ് പ്രോജക്റ്റ് ഫോര്‍ റിട്ടേണ്‍ എമിഗ്രന്റ്സ് പദ്ധതി</u>

3272 ശ്രീ. വര്‍ക്കല കഹാര്‍
,, കെ. മുരളീധരന്‍
,, വി. പി. സജീന്ദ്രന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നോര്‍ക്ക ഡിപ്പാര്‍ട്ട്മെന്റ് പ്രോജക്റ്റ് ഫോര്‍ റിട്ടേണ്‍ എമിഗ്രന്റ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുതപദ്ധതിക്കുള്ളത്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതിക്ക് അര്‍ഹരായവര്‍ ആരൊക്കെയാണ്; വിശദമാക്കുമോ?

**കേരള നിയമസഭ**
**29.01.2014–ലെ മറുപടിക്ക്**

<u>ഗൾഫ് നാടുകളിൽ നിന്നും മടങ്ങാനാകാത്തവരുടെ വിശദാംശം</u>

3273 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

മതിയായ രേഖകളും ആവശ്യമായ സഹായങ്ങളും ലഭിക്കാത്തതുമൂലം കേരളത്തിൽ എത്തിച്ചേരാൻ കഴിയാതെ ഗൾഫ് നാടുകളിൽ കഴിയുന്നവരെ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വിദേശത്ത് ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവർ</u>

3274 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചുവരുന്ന തൊഴിലാളികൾക്ക് വിമാന ടിക്കറ്റ് നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഇത് പ്രകാരം എത്ര പേർക്ക് വിമാന ടിക്കറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശത്ത് ജോലി നഷ്ടപ്പെട്ട് എത്ര പേർ സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പ്രവാസികളെ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ നടപടി</u>

3275 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യക്ഷേമപദ്ധതികളിൽ പ്രവാസികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽനിന്നും മടങ്ങിവരുന്ന പ്രവാസികളെ സാമൂഹ്യക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള തൊഴിൽ ദാനപദ്ധതി</u>

3276 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവരിൽ എത്ര പേർക്ക് സർക്കാർ പുനരധിവാസ പദ്ധതി പ്രകാരം തൊഴിൽ നൽകി എന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം</u>

3277 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ അകപ്പെട്ട മലയാളികൾ

3278 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലുൾപ്പടെയുള്ള വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ തടവിലാക്കപ്പെട്ട മലയാളികളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കണക്കുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ;

(ബി) വിദേശ രാജ്യത്തെ ജയിലുകളിൽ അകപ്പെട്ട മലയാളികളെ സുരക്ഷിതമായി സ്വന്തം നാട്ടിലെത്തിക്കാനായി പ്രഖ്യാപിച്ച സ്വപ്ന സാഫല്യം പദ്ധതി പ്രകാരം ഏതൊക്കെ രാജ്യങ്ങളിലെ ജയിലുകളിൽ നിന്ന് എത്ര മലയാളികളെ ഇതിനോടകം നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വിദേശ രാജ്യങ്ങളിൽ നിലവിൽ ജയിലിൽ അകപ്പെട്ടിട്ടുള്ള നിരപരാധികളായ മലയാളികളെ തിരികെ എത്തിക്കുന്നതിന് നയതന്ത്രതലത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി

3279 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം സഹായമാണ് ചെയ്യുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സഹായം ലഭ്യമാക്കാൻ ആരെയാണ് സമീപിക്കേണ്ടത് എന്നു വ്യക്തമാക്കുമോ;

(സി) നോർക്കയ്ക്ക് താലൂക്കടിസ്ഥാനത്തിൽ പോലും ഓഫീസുകൾ ഇല്ലാത്തതുകൊണ്ട് ഇത് പോലുള്ള വിഷയങ്ങളിൽ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>സൗദിഅറേബ്യയിൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട സംഭവം</u>

T.3280 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കീരിക്കാട് വില്ലേജിൽ കീരിക്കാട് തെക്കുമുറിയിൽ കൊട്ടയ്ക്കാട്ട് വീട്ടിൽ ശ്രീമതി ഷൈലജയുടെ ഭർത്താവ് സൗദിഅറേബ്യയിലെ ജയിലിൽ ദുരൂഹമായ സാഹചര്യത്തിൽ മരണപ്പെട്ട വിവരം ബന്ധുക്കൾ അറിഞ്ഞത് 7 മാസത്തിനുശേഷമാണ് എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ 7 മാസം കഴിഞ്ഞിട്ടും മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്നും, മരണകാരണം എന്തെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?